6. സമഗ്ര കടിവെള്ള പദ്ധതി

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു പഞ്ചായത്താണ് മാടായി പഞ്ചായത്ത്. അതിന്റെ രണ്ട് ഭാഗം പുഴയും ഒരു ഭാഗം കടലുമാണ്. ഇവിടെ ഭൂരിഭാഗം സ്ഥലങ്ങളിലും വെള്ളത്തിന്റെ ലവണസാന്ദ്രത കൂടുതലായതിനാൽ കിണർ വെള്ളം ഉപയോഗ ശൂന്യമാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു മേഖല കൂടിയാണിത്. ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിൽ മാടായി പഞ്ചായത്തിനും വെള്ളം കൊടുക്കാം എന്നൊരു പ്രൊവിഷനുണ്ട്. മാത്രമല്ല, ഈ പഞ്ചായത്തിന് തൊട്ടടുത്തുള്ള ഏഴോം, മാട്ടൂൽ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 586 ലക്ഷം രൂപയുടെ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് വെള്ളം ലഭ്യമാക്കി ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി 5.86 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എത്രയും വേഗം സമർപ്പിക്കുന്നതാണ്.

7. കരുനാഗപ്പള്ളി സർക്കാർ ആർട്സ് കോളേജിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, സർക്കാർ മേഖലയിൽ കോളേജ് ആരംഭിക്കുമെന്ന നിയമസഭയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളിയിലും കോളേജ് അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിവച്ച്, ഫണ്ടും മാറ്റിവച്ച് ഒരു വർഷമായി കാത്തിരിക്കുന്നെങ്കിലും ഇതുസംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2013-14-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ സർക്കാർ/എയ്ഡഡ് കോളേജ് ഇല്ലാത്തതും സ്ഥലം ലഭ്യമാകുന്നതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആർട്സ് ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിൽ ഇല്ലാതിരുന്ന 22 നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് കരുനാഗപ്പള്ളി നിയോജകമണ്ഡലം. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തുകയും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തികസഹായം അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാനുള്ള കെട്ടിടം കണ്ടെത്തി സർക്കാരിനെ അറിയിക്കുവാനും ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ. യോട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അർദ്ധ ഔദ്യോഗിക കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തൽ, കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കൽ, ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാനുള്ള കെട്ടിടം കണ്ടെത്തൽ തുടങ്ങിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കത്തിലെ നിർദ്ദേശങ്ങൾക്ക് ഒരുക്കമാണെന്നും അതനുസരിച്ച് നിർദ്ദിഷ്ട കോളേജ് നിർമ്മാണത്തിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി 6-10-2015-ൽ സമർപ്പിച്ചെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ തീരുമാനം മാറ്റിവയ്ക്കുകയായിരുന്നു. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

8. അരുവിക്കര ഡാം റിസർവോയർ മാലിന്യമുക്തമാക്കൽ

<u>ശ്രീ. കെ. എസ് ശബരീനാഥൻ</u>: സർ, തിരുവനന്തപുരം നഗരത്തിന്റെ ജല സ്രോതസ്സാണ് അരുവിക്കര ഡാം. നഗരത്തിലേക്കും നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്കും ഭരണസിരാകേന്ദ്രങ്ങളിലേയ്ക്കും കുടിവെള്ളം എത്തുന്നത് ഈ ഡാമിൽ നിന്നാണ്. നഗരത്തിന്റെ ജീവിതചര്യയുടെ ഗതി നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് അരുവിക്കര ഡാമിൽനിന്നും എത്തുന്ന കുടിവെള്ളത്തിന് തന്നെയാണ്. ഇപ്പോൾ ഡാമിലും ജലസംഭരണിയിലും പായൽ, പ്ലാസ്റ്റിക്ക്, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ എന്നിവ അടിഞ്ഞുകൂടുകയും പല ഭാഗങ്ങളിലും താമരയും കോരപ്പുല്ലും കൊണ്ട് മൂടപ്പെട്ടിരിക്കുകയുമാണ്. ഇതുകാരണം നാല് ചതുരശ്ര കിലോമീറ്റർ ശേഷിയുള്ള ഡാമിന്റെ സംഭരണശേഷി കുറഞ്ഞിരിക്കുകയാണ്. അതോടൊപ്പം മേൽപ്പറഞ്ഞ കാരണങ്ങളാൽ നഗരത്തിൽ